# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.557 04.02.2020-ൽ മറുപടിക്ക്

## കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയ്ക്ക് പാട്ടത്തിന് നൽകിയ സ്ഥലം

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലം, ടി കമ്പനി പ്രവർത്തനം നിർത്തി വർഷങ്ങൾ പിന്നിട്ടിട്ടും തിരിച്ചെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത വിഷയത്തിൽ കോടതി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും, ടി കമ്പനിക്കു നൽകിയ സ്ഥലം തിരിച്ചു പിടിയ്ക്കുന്നതിനും, പുതിയ വ്യവസായ വികസന സൗകര്യങ്ങൾക്കായി പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) & (ബി) കൊരട്ടി വൈഗൈ ത്രഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്കു സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85½ ഏക്കർ ഭൂമിയിൽ 7.85½ ഏക്കർ ഭൂമി എൻ.എച്ച് വിപുലീകരണത്തിനും 1 ഏക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിന് ശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂവകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി.വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്തു ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹു.കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതു കൊണ്ടു തന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫീഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്തു ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹു.ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. |

വൈഗ ത്രഡ്സുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 27.06.2019 ൽ ചേർന്ന യോഗതീരുമാനപ്രകാരം കമ്പനിയുടെ സമാപ്തീകരണത്തിന്റെ ഭാഗമായി ബഹു. കർണ്ണാടക ഹൈക്കോടതി നിയമിച്ച ഒഫീഷ്യൽ ലിക്വിഡേറ്ററുമായി നേരിൽ ബന്ധപ്പെട്ട് ലിക്വിഡേഷൻ നടപടികളുടെ പുരോഗതി വിലയിരുത്തി ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർ/ജില്ലാ കളക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻപ്രകാരം വൈഗ ത്രഡ്സ് കമ്പനിയിൽ നിന്നും ഭൂമി തിരിച്ചെടുക്കുന്നതിനും കമ്പനിയുടെ പേരിൽ നിലവിലുള്ള കടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി കർണ്ണാടക ഹൈക്കോടതിയിൽ ക്ലെയിം പെറ്റീഷൻ തയ്യാറാക്കി ഫയൽ ചെയ്യുന്നതിന് ബഹു. അഡ്വക്കേറ്റ് ജനറൽ, കേരള മുഖേന നടപടി സ്വീകരിച്ചു വരുന്നുവെന്ന വിവരം തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത ഭൂമിയിൽ പ്രവേശിക്കുവാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായസംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ